# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 982 30.09.2016 ൽ മറുപടിയ്ക്ക്**

## നാടൻ പച്ചക്കറി ഉത്പാദനവും ശേഖരണവും വിപണനവും നടത്തുന്നതിന് നടപടി

| ചോദ്യം<br>**ശ്രീ.യു.ആർ.പ്രദീപ്** | | മറുപടി<br>**ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
|---|---|---|---|
| എ) | ശബരിമല വ്രതകാലത്തും, വേനൽക്കാലത്തും നാടൻ പച്ചക്കറികളുടെ വർദ്ധിച്ച ആവശ്യം നേരിടാൻ കർഷകരെക്കൊണ്ട് നാടൻ പച്ചക്കറികൾ ഉത്പാദിപ്പിക്കുന്നതിന്, നിയോജക മണ്ഡല അടിസ്ഥാനത്തിൽ കൃഷി ആഫീസർമാരെ ഏകോപിപ്പിച്ച് ഓരോ പ്രദേശത്തും വിളയുന്ന പച്ചക്കറികളുടെ കൃഷി ഇറക്കുന്നതിന് ആവശ്യമായ സഹായം ചെയ്യുന്നതിനും, പച്ചക്കറികളുടെ ശേഖരണ ത്തിനും, വിപണനത്തിനും ഹോർട്ടികോർപ്പിനെ അധികാര പ്പെടുത്തുന്നതിനും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) | കേരളത്തിൽ ആവശ്യമുള്ള പച്ചക്കറിയുടെ സിംഹഭാഗവും കേരളത്തിൽ ഉൽപ്പാദിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി കൃഷിഭവനുകൾ മുഖേന സമഗ്ര പച്ചക്കറി കൃഷി നടപ്പിലാക്കി വരുന്നു. കേരളത്തിലെ കർഷകർ ഉത്പാദിപ്പിക്കുന്ന മുഴുവൻ പച്ചക്കറികളും ഹോർട്ടികോർപ്പ് വഴി സംഭരണം നടത്തുകയും വിതരണം ചെയ്യുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത് ശബരിമല വ്രതകാലത്തും വേനൽക്കാലത്തും ആവശ്യാനുസരണം പച്ചക്കറികൾ ലഭ്യമാക്കുവാൻ കൃഷിഭവൻ വരെയുള്ള കൃഷി വകുപ്പിന്റെ ഓഫീസുകളെ കൂടി ബന്ധപ്പെടുത്തി സംഭരണം കൂടുതൽ ശക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) | ഉണ്ടെങ്കിൽ നിയോജക മണ്ഡല അടിസ്ഥാനത്തിൽ ഹോർട്ടി കോർപ്പിന്റെ പച്ചക്കറി ശേഖരണ -വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും സംസ്ഥാന-ജില്ലാ അടിസ്ഥാനത്തിൽ അവ ഏകോപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | ബി) | നിലവിൽ ഹോർട്ടികോർപ്പിന് 150ഓളം വിപണന സ്റ്റാളുകൾ ഉണ്ട്. ഹോർട്ടികോർപ്പിന്റെ സ്റ്റാളുകൾ ഇല്ലാത്ത കാസർഗോഡ്, വയനാട്, മലപ്പുറം എന്നീ ജില്ലകളെക്കൂടി ഉൾപ്പെടുത്തി സ്റ്റാളുകൾ ഒരു വർഷത്തിനുള്ളിൽ വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അപ്പോൾ എല്ലാ നിയോജക മണ്ഡലങ്ങളിലും സ്റ്റാളുകൾ ഉണ്ടാവും. |

S. K.

**സെക്ഷൻ ഓഫീസർ**